പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 18

# 2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ആഗസ്റ്റ് 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 12-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾക്കുപകരം "വില്ലേജ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 13-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ, "ഏതെങ്കിലും നെൽവയൽ" എന്ന വാക്കുകൾക്കുപകരം "ഏതെങ്കിലും നെൽവയലോ തണ്ണീർത്തടമോ" എന്ന വാക്കുകളും "പ്രസ്തുത നെൽവയലിന്റെ" എന്ന വാക്കുകൾക്കു പകരം "പ്രസ്തുത നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

4. 19-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "റവന്യൂ ഡിവിഷണൽ ഓഫീസറുടെ" എന്ന വാക്കുകൾക്കു പകരം "വില്ലേജ് ആഫീസറുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

640/2011.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 38) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ 12-ാം വകുപ്പിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരായി നിയമിക്കുവാൻ അധികാരപെടുത്തിയിട്ടുള്ളത്. ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും വാഹനങ്ങളോ ഉപകരണങ്ങളോ പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള ആദ്യ നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരാണ്. പ്രസ്തുത ആവശ്യങ്ങൾക്കായി ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കുന്നതിനും പരിശോധന നടത്തുന്നതിനും ഉള്ള അധികാരവും അത്തരം ഉദ്യോഗസ്ഥനാണ്. അനധികൃതമായ നികത്തൽ സാധാരണ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വില്ലേജ് ഓഫീസറുടെ മുന്നിലാണ്. വില്ലേജ് ഓഫീസറോ, ഡെപ്യൂട്ടി തഹസിൽദാരോ, തഹസിൽദാരോ ഇതുപ്രകാരം നടപടി എടുക്കുന്നത് നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്തതിനാൽ അത്തരം ഉദ്യോഗസ്ഥർ എടുക്കുന്ന നടപടികൾ നിയമ വിരുദ്ധമാകുന്നതാണ്. കൂടാതെ ആക്റ്റിലെ 19-ാം വകുപ്പുപ്രകാരവും റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയുള്ള ഉദ്യോഗസ്ഥന് ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുവാനും പരിശോധന നടത്തുവാനും ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ച വാഹനങ്ങളും ഉപകരണങ്ങളും മറ്റും പിടിച്ചെടുക്കുന്നതിനും ഇപ്പോൾ അധികാരമില്ലാത്തതിനാൽ വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ പ്രസ്തുത വകുപ്പുകളുടെ ആവശ്യത്തിലേക്കായി നിയമിക്കുവാൻ സർക്കാരിന് അധികാരം നൽകേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ആക്റ്റിലെ 13-ാം വകുപ്പുപ്രകാരം, കളക്ടർക്ക്, രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയൽ പൂർവ്വ സ്ഥിതിയിൽ കൊണ്ടുവരുന്നതിനുള്ള ഉചിതമായ നടപടി കൈക്കൊള്ളുവാനുള്ള അധികാരം മാത്രമേ നൽകിയിട്ടുള്ളൂ. ഈ അധികാരം രൂപാന്തരപ്പെടുത്തിയ തണ്ണീർത്തടത്തിന്റെ കാര്യത്തിൽ കൂടി നൽകുന്നതിനും സർക്കാർ തീരുമാനിച്ചു. ആക്റ്റിലെ വ്യവസ്ഥകൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് മേൽപ്പറഞ്ഞ ഭേദഗതികൾ അത്യാവശ്യമാണെന്ന് സർക്കാർ കരുതുന്നു.

കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 38) 2011 ഏപ്രിൽ 27-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 ഏപ്രിൽ 28-ാം തീയതിയിലെ 929-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2011-ലെ 38-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

തിരുവഞ്ചൂർ രാധാകൃഷ്ണൻ

## 2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റ്

## (2001-ലെ 28)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

12. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ നിയമനവും അവരുടെ അധികാരങ്ങളും.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനംവഴി റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരായി നിയമിക്കാവുന്നതും ഈ ആക്റ്റ് പ്രകാരം അവരുടെ അധികാരങ്ങൾ വിനിയോഗിക്കാവുന്ന പ്രദേശം നിശ്ചയിച്ച് നൽകേണ്ടതുമാണ്.

** ** **

13. ജില്ലാ കളക്ടറുടെ അധികാരം.— ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടർക്ക്, ഈ ആക്ട് പ്രകാരം എടുത്ത പ്രോസിക്യൂഷൻ നടപടിക്ക് ഭംഗം വരാതെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയൽ പൂർവ്വ അവസ്ഥയിൽ കൊണ്ടുവരുന്നതിലേക്കായി, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള നടപടി കൈക്കൊള്ളാവുന്നതും ഇതിലേക്കായി ചെലവഴിക്കേണ്ടിവന്ന തുക അതത് സംഗതിപോലെ, പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം, ഈടാക്കാവുന്നതുമാണ്.

** ** **

19. പ്രവേശിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും ഉള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി, റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും യാനമോ, വാഹനമോ, മറ്റ് വാഹന സൗകര്യമോ യന്ത്രോപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അത്തരം പിടിച്ചെടുക്കലിനെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് അപ്രകാരം പിടിച്ചെടുത്ത് നാൽപ്പത്തിയെട്ട് മണിക്കൂറിനുള്ളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചാലും ഇല്ലെങ്കിലും, ആ പ്രദേശത്ത് അധികാരിതയുള്ള കളക്ടർക്ക് നൽകേണ്ടതുമാണ്.